ലോട്ടറീസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*9 [219] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറീസ് വകുപ്പ് നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എന്ത് തുക ലാഭമുണ്ടാക്കി;

(ബി) ഏതെല്ലാം തരത്തിലുള്ള ലോട്ടറികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് ഗവൺമെന്റ് ലോട്ടറികളോടുള്ള ആഭിമുഖ്യം മനസ്സിലാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിശദ വിവരം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് വ്യാജലോട്ടറികൾ കണ്ടുപിടിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റിന്റെ വില്പന വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റിന്റെ വില്പന തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 2,96,81,189 രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന ലോട്ടറി വകുപ്പ് പേപ്പർ ലോട്ടറികൾ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. പ്രതിവാര നറുക്കെടുപ്പ് നടത്തുന്ന നാല് ഭാഗ്യക്കുറികളും കൂടാതെ ഒരു വർഷത്തിൽ 6 ഉത്സവകാല ബമ്പറുകളും നടത്തുന്നു.

(സി, ഡി) ഇല്ല. എങ്കിലും സംസ്ഥാന ഭാഗ്യക്കുറികളുടെ വിശ്വാസ്യതയും ഭാഗ്യക്കുറികളിൽനിന്നും ലഭിക്കുന്ന വരുമാനം നാടിനും നാട്ടാർക്കുംവേണ്ടി സർക്കാർ ചെലവഴിക്കുന്നു എന്ന വസ്തുതയും മനസ്സിലാക്കി സ്ഥിരമായി കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രം എടുക്കുന്ന ധാരാളം പേർ സംസ്ഥാനത്തുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) 16-7-2003-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ആന്റ് ഓൺലൈൻ ഭാഗ്യക്കുറി (നിയന്ത്രണ) ചട്ടം 2003 വകുപ്പ് 24 (3), (4) പ്രകാരം അനധികൃത ലോട്ടറികൾ നിയന്ത്രിക്കുന്നതിന് ജില്ലാ കളക്ടർമാർ, പോലീസ് സൂപ്രണ്ടുമാർ, ജില്ലാ ലോട്ടറി ആഫീസർമാർ, വാണിജ്യ നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർമാർ എന്നിവ രടങ്ങുന്ന എൻഫോഴ്സ്മെന്റ് ഏജൻസികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [ജി.ഒ.(ആർ.റ്റി.) 29/2004/നി.വ. തീയതി 5-1-2004].

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്.

(ജി) ഇവയ്ക്കെതിരെ നടപടിയെടുക്കാൻ ഡി.ജി.പി., ജില്ലാ കളക്ടർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന ഓൺലൈൻ ഭാഗ്യക്കുറികളുടെ വില്പന നിയന്ത്രിക്കുന്നതിന് കേരള സംസ്ഥാന ഭാഗ്യക്കുറി നിയന്ത്രണ ചട്ടങ്ങളുടെ ചട്ടം-24 അനുശാസിക്കുന്ന തരത്തിൽ നിയന്ത്രണ നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 7-11-2003-ൽ പ്രമുഖ പത്രങ്ങൾവഴി പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഇത്തരം ഭാഗ്യക്കുറികൾക്കെതിരെ നോട്ടീസ് നൽകുകയും തുടർന്ന് വില്പന നിറുത്തിവയ്ക്കാൻ കൂട്ടാക്കാത്ത വില്പന കേന്ദ്രങ്ങൾ ചട്ടം 24 (4) സി പ്രകാരം സംസ്ഥാനത്തുടനീളം അടച്ചുപൂട്ടി മുദ്ര വയ്ക്കുകയും ചെയ്തു. ഈ നടപടിയെ 17-11-2003-ലെ ഉത്തരവിലൂടെ ബഹു. ഹൈക്കോടതി ശരിവച്ചു. എന്നാൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഉത്തരവിലൂടെ ഈ നടപടി താൽക്കാലികമായി തടഞ്ഞിരിക്കുകയാണ്. കേന്ദ്ര ഭാഗ്യക്കുറി ചട്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികളുടെ വില്പനയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മണ്ഡല മകരവിളക്കു കാലത്ത് ശബരിമലയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ

*10 [220] ശ്രീ. വി. ഡി. സതീശൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്ര ഭക്തജനങ്ങളാണ് എത്തിച്ചേർന്നത്;

(ബി) യാത്രാസൗകര്യം, വിശ്രമസൗകര്യം, ഭക്ഷണം, കുടിവെള്ളം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കുവേണ്ടി എന്തെല്ലാം അധിക ഏർപ്പാടുകളാണ് ഈ വർഷം ചെയ്തത്;

(സി) പമ്പയിൽനിന്ന് ശബരിമലയിലേക്കുള്ള കാൽനടപ്പാതകളിൽ തീർത്ഥാടകർക്ക് കുടിവെള്ളവും ചൂടുവെള്ളവും സൗജന്യമായി ലഭിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു;

(ഡി) ഇവ നൽകുവാൻ തയ്യാറുള്ള സംഘടനകളേയും ഭക്തജനങ്ങളേയും അതിനുവേണ്ടി ക്ഷണിച്ചിരുന്നുവോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കണക്കാക്കിയിട്ടില്ല.

(ബി) തീർത്ഥാടകരുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽനിന്നും എരുമേലിയിലേക്കും പമ്പയിലേക്കും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുകയുണ്ടായി. നിലയ്ക്കൽ-

LIBRARY ARCHIVES Kerala Legislative Assembly